"ഭരണഭാഷ-മാതൃഭാഷ"

നമ്പർ എച്ച്2/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 15-10-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - തസ്തിക നിർണയം 2019-20 - പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വഴി സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുന്ന സ്കൂളുകളിലെ തസ്തികനിർണയം പരിഷ്കരിക്കുന്നത് സംബന്ധിച്ച്

സൂചന : 05-08-2019 ലെ സർക്കാർ കത്ത് നമ്പർ ജെ2/137/2019/പൊ.വി.വ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കെട്ടിടങ്ങൾ നവീകരിക്കുന്ന സ്കൂളുകളിലെ 2019-20 വർഷത്തിൽ അക്കോമഡേഷൻ ലഭ്യമാകാത്തതു കാരണം ഡിവിഷനുകളോ തസ്തികകളോ നഷ്ടപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2018-19 ൽ അനുവദിച്ചിരുന്ന തസ്തികകൾ തുടരുന്നതിനാവശ്യമായ കുട്ടികൾ ഈ വർഷം ഉണ്ടെങ്കിൽ അത്തരം സ്കൂളുകളിൽ 2018-19 ലെ തസ്തികനിർണയം തന്നെ തുടരുന്നതിന് സൂചന പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സ്കൂളുകളുടെ തസ്തികനിർണയ ഉത്തരവുകൾ പരിഷ്കരിക്കുന്നതിനുള്ള സംവിധാനം 'സമന്വയ'യുടെ സ്റ്റാഫ് ഫിക്സേഷൻ മൊഡ്യൂളിൽ സജ്ജമാക്കിയിട്ടുണ്ട്.

ഇതിനായി എ.ഇ.ഒ/ഡി.ഇ.ഒ യുടെ ഹോം പേജിൽ ഇടതുവശത്തുള്ള ലിങ്ക്സ് സെക്ഷനിലെ മോഡിഫിക്കേഷൻസ് എന്ന ലിങ്ക് സെലക്ട് ചെയ്താൽ സ്റ്റാഫ് ഫിക്സേഷൻ ഫയലുകളുടെ ലിസ്റ്റ് ലഭ്യമാകും. തസ്തികനിർണയ നടപടികൾ പൂർത്തീകരിച്ച് തീർപ്പാക്കിയ ഫയലുകളുടെ ഇടതുവശത്തുള്ള മോഡിഫൈ ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന വിൻഡോയിൽ തസ്തികനിർണയം പരിഷ്കരിക്കുന്നതിനുള്ള കാരണം രേഖപ്പെടുത്തി ഫയൽ ബന്ധപ്പെട്ട സെക്ഷനിലേക്ക് അയക്കാവുന്നതാണ്.

സെക്ഷനിൽ ലഭിക്കുന്ന ഫയലിലെ മോഡിഫിക്കേഷൻ ടൈൽ ലെ ന്യൂ മോഡിഫിക്കേഷൻ സെലക്ട് ചെയ്ത് മാറ്റങ്ങൾ രേഖപ്പെടുത്തിയ ശേഷം ഡ്രാഫ്റ്റിലെ മോഡിഫൈഡ് പ്രൊസീഡിംഗ്സിലും വേണ്ട മാറ്റങ്ങൾ രേഖപ്പെടുത്തണം. സെക്ഷനിൽ നിന്നും ലഭിക്കുന്ന ഫയലിൽ സീനിയർ/ജൂനിയർ സൂപ്രണ്ട്, പേഴ്സണൽ അസിസ്റ്റന്റ് എന്നിവർക്കും മാറ്റങ്ങൾ വരുത്താവുന്നതാണ്. ജില്ലാ/ഉപജില്ലാ ഓഫീസർമാർ ഫയൽ അംഗീകരിക്കുന്നതിനായി ആദ്യം മോഡിഫിക്കേഷൻ അപ്പ്രൂവ് ചെയ്ത ശേഷം ഡ്രാഫ്റ്റ്

അപ്രൂവ് ചെയ്യണം. ഇത്തരത്തിൽ തസ്തികനിർണയ ഉത്തരവുകൾ പരിഷ്കരിക്കുന്ന എല്ലാ ഫയലുകളിലെയും അറ്റാച്ച്മെന്റിൽ ബന്ധപ്പെട്ട സർക്കാർ കത്ത് അപ്‌ലോഡ് ചെയ്യേണ്ടതും ആ വിവരം ഫയലിലെ നോട്ട്സിൽ രേഖപ്പെടുത്തേണ്ടതുമാണ്. തസ്തികനിർണയം പരിഷ്കരിച്ച് ഉത്തരവ് നൽകിയാൽ ഉടൻ തന്നെ ഫയൽ ക്ലോസ് ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ

ആർ.എസ്. ഷിബു

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

'സമന്വയ'യുടെ സംസ്ഥാന/ജില്ലാ നോഡൽ ഓഫീസർമാർക്കും

എൻ.കെ 15-10-2019